**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4881** **11-08-2021 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള അനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനത്തിനായി നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന സ്കോളർഷിപ്പുകൾ നൽകിവരുന്നു. 1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് 2. സി.എ/സി.എം.എ/സി.എസ്. സ്കോളർഷിപ്പ്. 3. സ്വകാര്യ ഐ.റ്റി.ഐ. ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം. 4. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്. 5. സിവിൽ സർവ്വീസ് ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം. 6. ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ് അവാർഡ്. 7. മദർതെരേസ സ്കോളർഷിപ്പ്. 8. എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ്. |
| (ബി) | ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനായി കോച്ചിംഗ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും, 34 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി ഒരു കോച്ചിംഗ് സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നിലവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള കൽപ്പറ്റ പഴയ ബസ്സ്സ്റ്റാൻറ് ബിൽഡിംഗിൽ ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ